# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ : 0477-2252753

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA-ALP-P-12/742/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ആലപ്പുഴ-688001
തീയ്യതി: 16/07/2022
ഇ-മെയിൽ: ddhglfalpy@gmail.com
ഫോൺ: 0477-2252753

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-ALP-P-12/742/2022 തീയ്യതി: 16/07/2022

## ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. രാജീവ്.ആർ. | ഡെപ്യൂട്ടി ഡയറക്ടർ. | 20-06-2022 | 30-06-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-06-2022 | 30-06-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ശ്രീദേവി.പി, ഓഡിറ്റ് ഓഫീസർ.

ശ്രീമതി.ജാകിലിൻ.പി.ഡബ്ലിയു, സീനിയർഗ്രേഡ് ഓഡിറ്റർ.

ശ്രീമതി.രഞ്ജു പ്രകാശ്, സീനിയർഗ്രേഡ് ഓഡിറ്റർ.

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| | | **(മുതൽ)** | |
| ശ്രീമതി.ലീലാമ്മ ആന്റണി. | പ്രസിഡന്റ് | 01-04-2020 | 06-11-2020 |
| ശ്രീമതി.സിനിമോൾ.വി.എസ്. | പ്രസിഡന്റ് | 30-12-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ പി.അജയകുമാർ. | സെക്രട്ടറി. | 01-04-2020 | 10-06-2020 |
| ശ്രീ മുഹമ്മദ് ഇക്ബാൽ. | സെക്രട്ടറി. | 11-06-2020 | 17-06-2020 |
| ശ്രീ എസ്.അനിൽകുമാർ. | സെക്രട്ടറി | 18-06-2020 | 31-01-2021 |
| ആർ.പത്മാദേവി, ഹെഡ് ക്ലാർക്ക്. | സെക്രട്ടറി (ഇൻചാർജ്ജ്) | 01-02-2021 | 08-02-2021 |
| ശ്രീമതി. ജ്യോതിരശ്മി.വി, അസി.സെക്രട്ടറി. | സെക്രട്ടറി (ഇൻചാർജ്ജ്) | 09-02-2021 | 19-02-2021 |
| ദീപ്തി.ജി.അസി.എജിനീയർ(കൺവീനർ) | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി. | 07-11-2020 | 29-12-2020 |
| റോസ്മി ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ഡോ.നസിയ.കെ.സലിം | മെഡിക്കൽ ഓഫീസർ, .എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ.മേഴ്സ ജോസ് | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 08-02-2021 |
| ഡോ.ലിൻറാ സാമുവൽ | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 09-02-2021 | 31-03-2021 |
| ഡോ.സ്മിത ജെ.അഗസ്റ്റിൻ | വെറ്ററിനറി സർജ്ജൻ | 01-04-2020 | 31-03-2021 |
| ധന്യ.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 01-11-2020 |
| ലിനി.ജെ.എൽ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 02-11-2020 | 31-03-2021 |
| ഷീല.എസ് | പ്രധാന അധ്യാപിക, | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| | ഗവ.എൽ.പി.എസ് | | |
| ദീപ്തി.ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| സുജ.വി, വി.ഇ.ഒ, തൈക്കൽ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 03-11-2020 |
| ആതിര, വി.ഇ.ഒ,തൈക്കൽ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 04-11-2020 | 04-01-2021 |
| അഭിലാഷ്,വി.ഇ.ഒ,തൈക്കൽ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 05-01-2021 | 31-03-2021 |
| വിലാസിനി പി.സി,വി.ഇ.ഒ,അർത്തുങ്കൽ | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ഇന്ദുലേഖ, എൻ.എസ്.,വി.ഇ.ഒ,അരീപ്പറമ്പ് | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| രശ്മി മാനുവൽ ,ഡയറി ഫാം ഇൻസ്ട്രക്ടർ,ചേർത്തല | ഡയറി ഫാം ഇൻസ്ട്രക്ടർ, | 01-04-2020 | 31-03-2021 |
| ലീന.ഡെന്നീസ്,ഫീഷറീസ് സബ്ഇൻസ്പെക്ടർ | ഫീഷറീസ് സബ്ഇൻസ്പെക്ടർ | 01-04-2020 | 03-03-2021 |
| ഷീന.എസ്, ഫിഷറീസ് ആഫീസർ,ചേർത്ത | ഫിഷറീസ് ആഫീസർ, | 03-03-2021 | 31-03-2021 |
| വി.ജ്യോതി രശ്മി | അസിസ്റ്റൻറ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ഇല്ല | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Renju Prakash (Senior Grade Auditor, On 29-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Renju Prakash (Senior Grade Auditor, On 29-06-2022)<br>Last Updated By: Rajeev R (Deputy Director, On 16-07-2022) | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ<br>Written By: Renju Prakash (Senior Grade Auditor, On 29-06-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 05-07-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Renju Prakash (Senior Grade Auditor, On 29-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 1-3 |
| 5 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ്<br>Written By: Renju Prakash (Senior Grade Auditor, On 29-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Renju Prakash (Senior Grade Auditor, On 29-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി<br>Written By: Renju Prakash (Senior Grade Auditor, On 29-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Renju Prakash (Senior Grade Auditor, On 29-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 1-7 |
| 9 | ക്യാഷ് ബാലൻസ്<br>Written By: Renju Prakash (Senior Grade Auditor, On 28-06-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 30-06-2022) | 1-8 |
| 10 | ആഭ്യന്തരനിയന്ത്രണം.<br>Written By: P. Sreedevi (Audit Officer, On 29-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 29-06-2022) | 1-9 |
| 11 | വസ്തു നികുതി നിർണയം - ഉപയോഗക്രമം സഞ്ചയ ഡേറ്റാ ബേസുമായി യോജിക്കുന്നില്ല<br>Written By: Renju Prakash (Senior Grade Auditor, On 28-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 1-10 |
| 12 | കുറഞ്ഞനിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി 4321 /- രൂപ നഷ്ടം<br>Written By: Renju Prakash (Senior Grade Auditor, On 28-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 1-11 |
| 13 | രസീത് പരിശോധന - അപാകത<br>Written By: Renju Prakash (Senior Grade Auditor, On 30-06-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 01-07-2022) | 1-12 |
| 14 | വീട്ടു വളപ്പിൽ കുളത്തിലെ മൽസ്യകൃഷി- 27995 രൂപ അധികം നൽകി.<br>Written By: P. Sreedevi (Audit Officer, On 29-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 1-13 |
| 15 | കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-നഷ്ടം-7421 /- രൂപ നഷ്ടം<br>Written By: Jaquiline P.W (Senior Grade Auditor, On 29-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 1-14 |
| 16 | കാലിവീപ്പയുടെ വില തനതുഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.<br>Written By: P. Sreedevi (Audit Officer, On 29-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 1-15 |

| | | |
|---|---|---|
| 17 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്- അർഹമായ തുക നൽകുന്നില്ല.<br>Written By: P. Sreedevi (Audit Officer, On 29-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 1-16 |
| 18 | പാലിയേറ്റീവ് കെയർ- കമ്മ്യൂണിക്കേഷൻ അലവൻസ് ഇനത്തിൽ നഴ്സിന് അധികം തുക നല്കി<br>Written By: Renju Prakash (Senior Grade Auditor, On 28-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 1-17 |
| 19 | കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും കൃത്യമായി ഈടാക്കിയിട്ടില്ല.<br>Written By: P. Sreedevi (Audit Officer, On 29-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 1-18 |
| 20 | ക്ഷേമ പെൻഷൻ തുക - അധികം നല്കി<br>Written By: Renju Prakash (Senior Grade Auditor, On 28-06-2022)<br>Last Updated By: Renju Prakash (Senior Grade Auditor, On 30-06-2022) | 1-19 |
| 21 | കോവിഡ് പ്രതിരോധം-അവലോകനം<br>Written By: P. Sreedevi (Audit Officer, On 29-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 1-20 |
| 22 | ലൈബ്രറി സെസ് ഇനത്തിൽ പിരിച്ച തുക അടവാക്കിയില്ല<br>Written By: Renju Prakash (Senior Grade Auditor, On 30-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 1-21 |
| 23 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.<br>Written By: P. Sreedevi (Audit Officer, On 29-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 1-22 |
| 24 | അംഗൻവാടി ഭൗതികസാഹചര്യങ്ങൾ<br>Written By: P. Sreedevi (Audit Officer, On 30-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 30-06-2022) | 1-23 |
| 25 | ആശ്രയ ഭവന പദ്ധതി നടപ്പാക്കുന്നില്ല<br>Written By: Jaquiline P.W (Senior Grade Auditor, On 29-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 1-24 |
| | **ഭാഗം 2** | |
| 1 | കുറഞ്ഞനിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി 4321/- രൂപ നഷ്ടം<br>Written By: Renju Prakash (Senior Grade Auditor, On 30-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 2-1 |
| | **ഭാഗം 3** | |
| 1 | വീട്ടു വളപ്പിൽ കുളത്തിലെ മൽസ്യകൃഷി -27995 രൂപ അധികം നൽകി.<br>Written By: P. Sreedevi (Audit Officer, On 30-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 3-1 |
| 2 | കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-നഷ്ടം-7421/- രൂപ നഷ്ടം<br>Written By: Jaquiline P.W (Senior Grade Auditor, On 30-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 3-2 |
| 3 | പാലിയേറ്റീവ് കെയർ- കമ്മ്യൂണിക്കേഷൻ അലവൻസ് ഇനത്തിൽ നഴ്സിന് അധികം തുക നല്കി<br>Written By: Renju Prakash (Senior Grade Auditor, On 30-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 3-3 |
| | **ഭാഗം 4** | |
| 1 | സംയുക്ത പ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jaquiline P.W (Senior Grade Auditor, On 29-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| | Written By: Jaquiline P.W (Senior Grade Auditor, On 29-06-2022)<br>Last Updated By: Jaquiline P.W (Senior Grade Auditor, On 30-06-2022) | |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jaquiline P.W (Senior Grade Auditor, On 29-06-2022)<br>Last Updated By: Jaquiline P.W (Senior Grade Auditor, On 30-06-2022) | 4-3 |
| 4 | വായ്പ/വായ്പാതിരിച്ചടവ്<br>Written By: Jaquiline P.W (Senior Grade Auditor, On 29-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Jaquiline P.W (Senior Grade Auditor, On 29-06-2022)<br>Last Updated By: Jaquiline P.W (Senior Grade Auditor, On 30-06-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി<br>Written By: Jaquiline P.W (Senior Grade Auditor, On 29-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jaquiline P.W (Senior Grade Auditor, On 29-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം<br>Written By: Jaquiline P.W (Senior Grade Auditor, On 29-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: P. Sreedevi (Audit Officer, On 29-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jaquiline P.W (Senior Grade Auditor, On 29-06-2022)<br>Last Updated By: P. Sreedevi (Audit Officer, On 01-07-2022) | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

ചേർത്തല – തെക്ക് ഗ്രാമ പഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റ് 13.03.2020 തീയതിയിലെ 1/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 1 0.02.2021 -ൽ ബജറ്റ് പരിഷ്കരിച്ചിട്ടുണ്ട്.

പരിഷ്കരിച്ച ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവ് ചെലവ് വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബഡ്ജറ്റ് പ്രകാരം | 311655589 | 308259200 |
| വാർഷിക കണക്ക് പ്രകാരം (ഇൻകം & എക്സ്പെണ്ടീച്ചർ പത്രിക) | 279353313 | 283425894 |

## 1-2 വാർഷികധനകാര്യപത്രിക

ഐ.എൽ.ജി.എം.എസ് മുഖേന വാർഷിക ധനകാര്യ പത്രിക ഇ-സബ്മിഷനായി എയിംസിൽ ലഭ്യമാക്കുന്നതിന് സാങ്കേതിക തടസ്സം ഉണ്ടായിരുന്നതിനാൽ ഇ-മെയിൽ മുഖാന്തിരമാണ് ഓഡിറ്റിനായി വാർഷിക കണക്ക് ലഭ്യമാക്കിയിരുന്നത്.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-07-2020 | 05.07.2022 |

സംസ്ഥാന തലത്തിൽ സാങ്കേതിക ക്രമീകരണങ്ങൾ വരുത്തി 05.07.2022-ൽ മാത്രമാണ് എയിംസിൽ ഇ-സബ്മിറ്റ് ചെയ്യാൻ സാധിച്ചത്.

### 1-2-1 വാർഷിക ധനകാര്യ പത്രികയിലെ ന്യൂനതകൾ

വാർഷിക കണക്ക് പരിശോധനയിലെ അപാകതകൾ താഴെ കൊടുക്കുന്നു.

1. 2020-21 സാമ്പത്തിക വർഷത്തിൽ 01.04.2020 മുതൽ 03.11.2020 വരെയുള്ള കണക്കുകൾ ലോക്കൽ സാംഖ്യയിൽ ആണ് തയ്യാറാക്കിയിട്ടുള്ളത്. 01.04.2020 മുതൽ 03.11.2020 വരെയുള്ള കണക്കുകൾ ഐ എൽ ജി എം എസിലേയ്ക്ക് മാറ്റിയപ്പോൾ Receipt & Payment, Income & Expenditure, Balance Sheet എന്നീ സ്റ്റേറ്റ്മെന്റുകളുടെ സംക്ഷിപ്തം തമ്മിൽ താഴെ പ്പറയും പ്രകാരം യോജിക്കുന്നില്ല.

| ഇനം | ലോക്കൽ സാംഖ്യ പ്രകാരമുള്ളത് | ഐ എൽ ജി എം എസ് പ്രകാരമുള്ളത് |
|---|---|---|
| Receipt & Payment | വരവ് തുക –4,67,46,931<br>ചെലവ് തുക -4,63,29,287<br>നീക്കി ബാക്കി -3,42,00,201 | വരവ് തുക –51791737<br>ചെലവ് തുക -47203310<br>നീക്കി ബാക്കി -3,83,70,984 |
| Income & Expenditure | വരവ് തുക –4,05,69,070<br>ചെലവ് തുക -3,50,20,201 | വരവ് തുക –4,29,58.053<br>ചെലവ് തുക -3,67,78,777 |
| Balance Sheet | ബാധ്യത-17,17,29,924<br>ആസ്തി-17,17,29,924 | ബാധ്യത-17,57,70,015<br>ആസ്തി -17,57,70,015 |
| 03.11.2020 ലെ ക്ലോസിംഗ് ബാലൻസ് RP 40 (B) പ്രകാരമുള്ളത് | 3,42,00,201 | 3,83,70,984 |

2. RP40(b)-ൽ 450210104 എന്ന ശീർഷകത്തിൽ ട്രഷറി അക്കൌണ്ട് ഓഫ് ട്രഡീഷണൽ ഫങ്ഷൻസ് ഫണ്ട് എന്ന ബാങ്ക് ബുക്കിന് (അക്കൌണ്ട് നമ്പർ രേഖപ്പെടുത്തിയിട്ടില്ല) (-)1,21,15,638/- രൂപ നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു. ടി അക്കൌണ്ട് സംബന്ധിച്ച യാതൊരു വിവരവും സ്ഥാപനത്തിലില്ല.

3. 450210104സബ് ട്രഷറി, ചേർത്തല (അക്കൌണ്ട് നമ്പർ - 706051400000010 ൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 0 ബാലൻസ് ആയി ആണ് നിലനിില്ക്കുന്നത്. വാർഷിക കണക്ക് കണക്ക് പ്രകാരം, 1,21,15,638/-രൂപ നീക്കിയിരിപ്പ് ഉള്ളതായി കാണുന്നു.

4. ലോക്കൽ സാംഖ്യയിൽ നിന്നും ILGMS ലേയ്ക്ക് ലോഗ് ഇൻ ചെയ്യുന്ന സമയത്ത് ഓരോ ശീർഷകത്തിലെ തുകകൾ കൃത്യമായി വരുന്നില്ല.
ഒരു ഉദാഹരണം താഴെ കൊടുക്കുന്നു.

RP -1ൽ (തൊഴിൽ നികുതി - എംപ്ലോയീസ്) 597720/- രൂപ. എന്നാൽ ILGMS ൽ 6,12,470/- രൂപ (വ്യത്യാസം- 14750/-)

5. ഗുണഭോക്തൃ വിഹിതം എന്ന ശീർഷകത്തിന്റെ ലെഡ്ജർ പരിശോധയിൽ മുന്നിരിപ്പ് ആയി 302506/- രൂപ, തൻ വർഷത്ത വരവ് - 25740/- രൂപ, നീക്കിബാക്കി - 328246/- രൂപ. ടി തുക നിലനില്ക്കുന്നുള്ള കാരണം വിശദീകരിക്കുന്ന രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.

5. 15.12.2015-ൽ 320200305 എന്ന ശീർഷകത്തിൽ 5,00,000/-വരവുണ്ട്. എന്നാൽ, നാളിതുവരെ ചെലവഴിച്ചിട്ടില്ല.

6. 2020-21 വർഷം പിരിച്ചെടുത്ത ലൈബ്രറി സെസ് തുക 31.03.2021 ലെ ബാലൻസ് ഷീറ്റിൽ നിലനില്ക്കുന്ന തുക നാളിതുവരെ ഒടുക്കിയിട്ടില്ല. (150725/-)

6.എം എൻ ആർ ഇ ജി എസ് ന്റെ എം ഐ എസ് റിപ്പോർട്ട് പ്രകാരം ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കിയ തുക 10,93,51,349/-രൂപ, വാർഷിക കണക്ക് പ്രകാരം ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കിയ തുക10,92,86,416/- രൂപ. വ്യത്യാസം 64933/-രൂപ.

7. വസ്തു നികുതി ഇനത്തിൽ സഞ്ചയയിലേയും വാർഷിക കണക്കിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

8. ഡി ആന്റ് ഒ ലൈസൻസ്, തൊഴിൽ നികുതി (ട്രേഡേഴ്സ്), തൊഴിൽ നികുതി (എംപ്ലോയീസ്) എന്നീ ഇനങ്ങളുടെ ഡി സി ബി തയ്യാറാക്കിയിട്ടില്ല.

9. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)റൂൾസ് 2011 ,പ്രകാരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തേണ്ട താഴെ ചേർക്കുന്നവ 2019-20 വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

എ) റൂൾ 62(2) (ഇ) പ്രകാരം, അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ-പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിൻജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ.

ബി) റൂൾ 62(2) (എഫ്) പ്രകാരം , അടിസ്ഥാന അനുപാതങ്ങൾ-അക്കൗണ്ട് മാന്വലിൽ നിർദ്ദേശിച്ചിരിക്കുന്ന സാമ്പത്തിക അനുപാതങ്ങൾ.
സി) റൂൾ 62(3) പ്രകാരം, ഈ ചട്ടങ്ങൾ ബാധകമാക്കുന്ന ആദ്യ വർഷത്തിലൊഴികെ എല്ലാ വർഷങ്ങളിലും മുൻവർഷത്തെ താരതമ്യ തുകകൾ രേഖപ്പെടുത്തിയിട്ടില്ല

10. ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ടിംഗ് സമ്പ്രദായം സാംഖ്യ സോഫ്റ്റ്‌വെയറിലേക്ക് മാറുന്നതിന് മുൻപുള്ള ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തികളുടെ വിവരങ്ങൾ ക്രോഡീകരിച്ച് സചിത്ര സോഫ്റ്റ്‌വെയറുമായി സംയോജിപ്പിക്കണമെന്നുള്ള സർക്കാർ നിർദ്ദേശം (ജി.ഒ(എം.എസ്) 152/11/ത.സ്വ.ഭ.വ തീയതി: 26.07.2011) നടപ്പാക്കിയിട്ടില്ല. 2020-21 ലെ ആസ്തി രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

11. വാർഷിക കണക്ക് പരിശോധന വേളയിൽ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വാർഷിക കണക്കിലെ ഇൻകം & എക്സ്പെന്റീച്ചർ ഷെഡ്യൂൾ സംക്ഷിപ്തം പ്രകാരം വരുമാനം , ചെലവ് എന്നിവ യഥാക്രമം 27,93,53,313/- രൂപ, 28,34,25,894/- രൂപ എന്നിങ്ങനെ ആണ്. AIMS സോഫ്റ്റ് വെയറിലൂടെ 04.07.2022ൽ സമർപ്പിച്ച വാർഷിക കണക്കിലെ ഇൻകം & എക്സ്പെന്റീച്ചർ ഷെഡ്യൂൾ സംക്ഷിപ്തം പ്രകാരം വരുമാനം , ചെലവ് എന്നിവ യഥാക്രമം 4,05,69,070/- രൂപ, 3,50,20,201/- രൂപ എന്നിങ്ങനെ ആണ്.
വാർഷിക കണക്ക് പരിശോധന വേളയിൽ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി – ബാധ്യത സംക്ഷിപ്തം പ്രകാരമുള്ള തുക 18,64,33,576/- രൂപയും AIMS സോഫ്റ്റ് വെയറിലൂടെ 04.07.2022ൽ സമർപ്പിച്ച വാർഷിക കണക്കിലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി – ബാധ്യത സംക്ഷിപ്തം പ്രകാരമുള്ള തുക 17,17,29,924/- രൂപയും ആണ്. ഇവ തമ്മിൽ യോജിക്കുന്നില്ല.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 23/29.06.2022) ലഭ്യമാക്കിയ മറുപടിയിൽ ടി (ലോക്കൽ സാംഖ്യയും ഐ എൽ ജി എം എസ് -മായി നിലവിൽ നിലനില്ക്കുന്ന അപാകതകൾ) അപാകതകൾ 28.01.2022 ലെ എ1/4502/20 നം. കത്ത് മുഖേന പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,ആലപ്പുഴ-യെ വിവരം അറിയിച്ചിട്ടുണ്ട് എന്നും 04.11.2020 മുതൽ തുടർന്നുള്ള മാസങ്ങളിലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ ടി അപാകതകൾ ചർച്ച ചെയ്തിട്ടുണ്ടെന്നും ഐ എൽ ജി എം എസ് മൊഡ്യൂൾ പൂർണ്ണമാകാതെ അപാകത പരിഹരിക്കുവാൻ സാധിക്കില്ല

എന്നതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 33782557 |
| വരവ് | 104046955 |
| ആകെ | 137829512 |
| ചെലവ് | 93578741 |
| നീക്കിയിരിപ്പ് | 44250771 |
| വരവിനങ്ങളിലെ നഷ്ടം | |
| ചെലവിനങ്ങളിലെ നഷ്ടം | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | |

## 1-4 ഗ്രാന്റ് സ്റ്റേറ്റ്മെന്റ്

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ആകെ | ഉറവിടത്തിൽ കുറവ് ചെയ്തത് | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 22338000 | 22338000 | 10767700 | 22336700 | 1300 (ലാപ്സായി) |
| വികസന ഫണ്ട് (എസ്.സി.പി.) | | 5002000 | 5002000 | 205333 | 2642038 | 2359962 (ലാപ്സായി) |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 526000 | 526000 | 29333 | 278466 | 247534 (ലാപ്സായി) |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | | 8437000 | 8437000 | . | 8436998 | 2 (ലാപ്സായി) |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | | 7062835 | 7062835 | 266900 | 5165426 | 1897409 (ലാപ്സായി) |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | | 26767639 | 26767639 | - | 14439673 | 12327966 (ലാപ്സായി) |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | 335730069 | 122 | 72543007 | 4 | 59 | 65.95% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 35615 | 1888989 | 1924604 | 1902584 | 22020 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 109286416 | 109286416 | 109286416 | |
| ആകെ | 35615 | 111175405 | 111211020 | 106558621+ 4630379 (Capital Contribution) =111189000 | 22020 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 118320 | 166 |
| കർഷകതൊഴിലാളി പെൻഷൻ | 12123600 | 502 |
| വിധവാപെൻഷൻ | 21072600 | 866 |
| വാർദ്ധക്യകാലപെൻഷൻ | 45281700 | 2368 |
| വികലാംഗപെൻഷൻ | 11921600 | 482 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 150000 | 5 |
| 50വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത പെൻഷൻ | 3919500 | 159 |

## 1-8 ക്യാഷ് ബാലൻസ്

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.06.2022 ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2030/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം.

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഡിറ്റിന്റെ ശ്രദ്ധയിൽപെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.പഞ്ചായത്തു കമ്മിറ്റി തീരുമാനങ്ങൾ നടപ്പാക്കുന്നതിലെ പുരോഗതി വിലയിരുത്തപ്പെടുന്നില്ല. ഇതിലേക്കായി വാച്ച് രജിസ്റ്റർ പരിപാലിയ്ക്കുന്നില്ല. കൂടാതെ മുൻ തീരുമാനങ്ങൾ യഥാസമയം നടപ്പാക്കപ്പെടുന്നുണ്ടോ എന്നതു സംബന്ധമായി മിനിട്ട്സിലും രേഖയില്ല.

2. നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കുന്ന പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതിയും, ഫലപ്രാപ്തിയും യഥാസമയം വിലയിരുത്തപ്പെടുന്നതായി രേഖയില്ല. വർക്കിംഗ് ഗ്രൂപ്പ് പ്രവർത്തനം കാര്യക്ഷമമല്ല. പദ്ധതി മാർഗ്ഗരേഖ പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരമുള്ള പ്രവർത്തനങ്ങൾ വർക്കിംഗ് ഗ്രൂപ്പുകൾ നടത്തിയിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്റ്റ് ഫയലുകളിലൊന്നും തന്നെ മോണിട്ടറിംഗ് റിപ്പോർട്ടുകൾ ഉൾപ്പെടുത്തിയിട്ടില്ല.

3. പഞ്ചായത്തിന്റെ തനത് ആസ്തിയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ആസ്തി രജിസ്റ്റർ കാലികമാക്കപ്പെട്ടിട്ടില്ല.

4.സാംഖ്യാ സോഫ്റ്റ് വെയർ പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം കൃത്യമല്ല.

5.റോഡ് കണക്ടിവിറ്റി മാപ്പ് പരിപാലിച്ചിട്ടില്ല.

6.പദ്ധതിനിർവ്വഹണ സംബന്ധമായ ട്രാൻസാക്ഷനുകൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥർ നോട്ട് ഫയൽ സൂക്ഷിക്കുന്നില്ല.

ചൂണ്ടിക്കാട്ടിയ അപാകതകൾ പരിഹരിയ്ക്കുന്നതിനാവശ്യമായ സത്വര നടപടി സ്വീകരിയ്ക്കുവാൻ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 വസ്തു നികുതി നിർണയം - ഉപയോഗക്രമം സഞ്ചയ ഡേറ്റാ ബേസുമായി യോജിക്കുന്നില്ല

ശ്രീമതി.ഇന്ദു സജീവ്, കൃഷ്ണവിലാസം, തൈക്കൽ പി.ഒ, എന്നയാൾ സമർപ്പിച്ച ഡി &ഒ ലൈസൻസ് അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന കടമുറികളുടെ നമ്പർ (V/166C) സഞ്ചയ ഡേറ്റാ ബേസിൽ പാർപ്പിടത്തിനായി നിർണ്ണയിച്ചിട്ടുള്ളതാണ് എന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (19/27.06.2022) ലഭ്യമാക്കിയ മറുപടിയിൽ ഫീൽഡ് പരിശോധനയിൽ കച്ചവടസ്ഥാപനമായി പ്രവർത്തിക്കുന്നതുകൊണ്ടാണ് ലൈസൻസ് നല്കിയതെന്നും സഞ്ചയയിലെ ഉപയോഗക്രമം പരിശോധിക്കുന്നതിൽ വീഴ്ച സംഭവിച്ചു എന്നുമാണ്. അപാകത പരിഹരിച്ച് നികുതി പുനർ നിർണയിയ്ക്കേണ്ടതാണ്.

## 1-11 കുറഞ്ഞനിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി 4321 /- രൂപ നഷ്ടം

ശ്രീ.ജോസ് കുഞ്ഞു, ശ്രീമതി.ജീനാ മോൾ, തെക്കേതൈവെളിക്കകത്ത്, അർത്തുങ്കൽ പി ഒ, ചേർത്തല എന്നിവരുടെ പേരിലുള്ളതും 130.18 ചതുരശ്രമീറ്റർ തറ വിസ്തീർണ്ണമുള്ളതുമായ കെട്ടിടത്തിന് lv/230 A മുതൽ F വരെയുള്ള നമ്പരുകൾ നൽകി വസ്തുനികുതി കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തെ 100 ചതുരശ്രമീറ്റർ വരെയുള്ള തറവിസ്തീർണ്ണമുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ ഷോപ്പുകൾ, ഗോഡൌൺ എന്നീ വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത കെട്ടിടത്തെ 100 ചതുരശ്രമീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ ഷോപ്പുകൾ, ഗോഡൌൺ എന്നീ വിഭാഗത്തിൽ ഉൾപ്പെടുത്തി വേണമായിരുന്നു നികുതി നിശ്ചയിക്കേണ്ടിയിരുന്നത്. വസ്തുനികുതി തെറ്റായി നിർണ്ണയിച്ചതിലൂടെ നികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേരും മേൽവിലാസവും | വാർഡ്/ കെട്ടിട നം. | തറ വിസ്തീർണ്ണം ($M^2$) | അടിസ്ഥാന വസ്തു നികുതി ($M^2$ ന് 40/- രൂപ നിരക്കിൽ ഈടാക്കിയത്) | ഈടാക്കേണ്ട വസ്തു നികുതി | ഈടാക്കിയ വസ്തു നികുതി | കുറവ് |
|---|---|---|---|---|---|---|
| ജോസ് കുഞ്ഞു, ജീനാ മോൾ, തെക്കേതൈവെളിക്കകത്ത്, അർത്തുങ്കൽ പി ഒ, ചേർത്തല | 4/230 A | 18.1 M2 | 18.1*40 – 724<br>വർദ്ധനവ്<br>വഴി സൌകര്യം -*20%- 144.8<br>ഇളവ്<br>മേഖല- *10%-<br>72.4<br>ലൈബ്രറി സെസ് - 40<br>ആകെ - 837 | അടിസ്ഥാന വസ്തുനികുതി 60- 18.1*60 = 1086/-<br>വഴി സൌകര്യം - *20% = 217<br>ഇളവ്<br>മേഖല- *10%-<br>109<br>ലൈബ്രറി സെസ് - 60<br>ആകെ - 1472 | 837/- | 635/- |
| 2 | 4/230B | 18.1 $M^2$ | 18.1*40 – 724<br>വർദ്ധനവ്<br>വഴി സൌകര്യം -*20%- 144.8<br>ഇളവ്<br>മേഖല- *10%-<br>72.4<br>ലൈബ്രറി സെസ് - 40<br>ആകെ - 837 | അടിസ്ഥാന വസ്തുനികുതി 60- 18.1*60 = 1086/-<br>വഴി സൌകര്യം - *20% = 217<br>ഇളവ്<br>മേഖല- *10%-<br>109<br>ലൈബ്രറി സെസ് - 60<br>ആകെ - 1472 | 837/- | 635/- |

| | | | | | | |
|---|---|---|---|---|---|---|
| 3. | 4/230C | 18 .1m$^2$ | 18.1*40 – 724<br>വർദ്ധനവ്<br>വഴി സൌകര്യം - *20%- 144.8<br>ഇളവ്<br>മേഖല- *10%- 72.4<br>ലൈബ്രറി സെസ് - 40<br>ആകെ - 837 | അടിസ്ഥാന വസ്തുനികുതി 60- 18.1*60 = 1086/-<br>വഴി സൌകര്യം - *20% = 217<br>ഇളവ്<br>മേഖല- *10%- 109<br>ലൈബ്രറി സെസ് - 60<br>ആകെ - 1472 | 837/- | 635/- |
| 4 | 4/230D | 18.1m$^2$ | 18.1*40 – 724<br>വർദ്ധനവ്<br>വഴി സൌകര്യം - *20%- 144.8<br>ഇളവ്<br>മേഖല- *10%- 72.4<br>ലൈബ്രറി സെസ് - 40<br>ആകെ - 837 | അടിസ്ഥാന വസ്തുനികുതി 60- 18.1*60 = 1086/-<br>വഴി സൌകര്യം - *20% = 217<br>ഇളവ്<br>മേഖല- *10%- 109<br>ലൈബ്രറി സെസ് - 60<br>ആകെ - 1472 | 837/- | 635/- |
| 5 | 4/230E | 18.1m$^2$ | 18.1*40 – 724<br>വർദ്ധനവ്<br>വഴി സൌകര്യം - *20%- 144.8<br>ഇളവ്<br>മേഖല- *10%- 72.4<br>ലൈബ്രറി സെസ് - 40<br>ആകെ - 837 | അടിസ്ഥാന വസ്തുനികുതി 60- 18.1*60 = 1086/-<br>വഴി സൌകര്യം - *20% = 217<br>ഇളവ്<br>മേഖല- *10%- 109<br>ലൈബ്രറി സെസ് - 60<br>ആകെ - | 837/- | 635/- |

| | | | | | | |
|---|---|---|---|---|---|---|
| | | | | 1472 | | |
| 6 | 4/230F | 18.1m2 | 18.1*40 – 724 വർദ്ധനവ് വഴി സൌകര്യം - *20%- 144.8 ഇളവ് മേഖല- *10%- 72.4 ലൈബ്രറി സെസ് - 40 ആകെ - 837 | അടിസ്ഥാന വസ്തുനികുതി 60- 18.1*60 = 1086/- വഴി സൌകര്യം - *20% = 217 ഇളവ് മേഖല- *10%- 109 ലൈബ്രറി സെസ് - 60 ആകെ - 1472 | 837/- | 635/- |
| | 4/230G | 21.58 | 21.58*40 – 864 വർദ്ധനവ് വഴി സൌകര്യം - *20%- 172.8 ഇളവ് മേഖല- *10%- 86.4 ലൈബ്രറി സെസ് - 48 ആകെ - 998 | അടിസ്ഥാന വസ്തുനികുതി 60- 21.58*60 = 1295/- വഴി സൌകര്യം - *20% = 259 ഇളവ് മേഖല- *10%- 129 ലൈബ്രറി സെസ് - 84 ആകെ - 1509 | 998 | 511 |
| ആകെ | | 130.18 | | | | 4321 |

മേൽ കണക്കുകൾ പ്രകാരം വസ്തുനികുതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. ഈ അപാകതയ്ക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18,തീയതി – 25.06.2022) കുറവ് വന്ന തുക ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ച. ആയതിനാൽ, ടി കെട്ടിടത്തിന്റെ നികുതി പുനർ നിർണയിച്ച് നാളിതുവരെ ഈടാക്കിയതിൽ കുറവ് വന്ന നികുതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

.

## 1-12 രസീത് പരിശോധന - അപാകത

ശ്രീ. പ്രമോദ് എം എസ് , ക്ലാർക്ക് കൈപ്പറ്റിയ രസീത് ബുക്ക് നം . 27234 മുഖേന 20.11.2021 – ൽ രസീത് നം. 60 മുതൽ 96 വരെയുള്ള രസീതുകൾ പ്രകാരം ആകെ 11,773/- രൂപ പിരിച്ച. ടി തുക 20.11.2021- ലെ ഡേ ബുക്കിൽ കളക്ഷൻ ആയി വന്നിട്ടില്ല . തുക 24.11.2021 - ൽ ബാങ്കിൽ ഒടുക്കിയിട്ടുണ്ട് . എന്നാൽ , ടി തുക നാളിതുവരെ ഐ എൽ ജി എം എസിൽ അക്കൌണ്ട് ചെയ്യപ്പെട്ടിട്ടില്ല. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17 , തീയതി – 27.06.2022) മറുപടി ലഭ്യാമാക്കിയില്ല. ആയതിനാൽ , ടി തുക പഞ്ചായത്തിന്റെ കണക്കിൽ

ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 വീട്ടു വളപ്പിൽ കുളത്തിലെ മൽസ്യകൃഷി- 27995 രൂപ അധികം നൽകി.

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ. | വീട്ടു വളപ്പിൽ കുളത്തിലെ മൽസ്യകൃഷി./പ്രോജക്ട് നം.s0179/21.(ജന) |
| അടങ്കൽ | 1230000( വികസനഫണ്ട്-200000 സംസ്ഥാനാവിഷ്കൃതം- 164000, തനതുഫണ്ട്-128000, ഗു.വി.738000) |
| ചെലവ്. | 96895 |
| ബിൽ നം.1/20-21/24.03.21 | 22945.( വികസനഫണ്ട്) |
| ചെക്ക് നമ്പർ – 6944207/27.03.21. | 73950(തനതുഫണ്ട്) |

വീട്ടുവളപ്പിൽ കുളത്തിലെ മൽസ്യകൃഷി എന്ന പദ്ധതി പ്രകാരം 20-21 സാമ്പത്തികവർഷം 4 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്.80 ച.മീ.വിസ്തീർണ്ണമുള്ള കുളം 40 സെ.മീ. ആഴത്തിൽ കുഴിയെടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിനു ചുറ്റുമായി 110 സെ.മീ. ഉയരത്തിൽ ബണ്ട് രൂപീകരിച്ച ശേഷം കുളത്തിൽ പടുത വിരിക്കൽ, അടിത്തട്ട് ഒരുക്കൽ 125 സെ.മീ. ഉയരത്തിൽ ജലം നിറയ്ക്കൽ സംരക്ഷിതവല സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നിർവ്വഹിച്ച് 1000 മൽസ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതാണ് പ്രോജക്ട്. 123000രൂപയുടെ യൂണിറ്റ് നിരക്ക് നിശ്ചയിച്ചിരിക്കുന്ന പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിൽ ഉൾപ്പെടുന്ന ഒരു ഗുണഭോക്താവിന് സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം. 22/18/തസ്വഭവ തീയതി.14.02.18 ഖണ്ഡിക നം. 4.1പ്രകാരം പദ്ധതി നടത്തിപ്പിനായി നടത്തിയ യഥാർത്ഥചെലവിന്റെ 40 % വരുന്ന തുകയാണ് ആകെ അനുവദിക്കാവുന്ന സബ്സിഡി. ടി. തുകയുടെ 2/3 ഭാഗം തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ നിന്നും, 1/3 ഭാഗം ഫിഷറീസ് വകുപ്പിൽ നിന്നുമാണ് അനുവദിക്കേണ്ടത്. അതായത്, ആകെ ചെലവിന്റെ 40 % വരുന്ന തുകയുടെ 2/3 ഭാഗം( പരമാവധി 32800 രൂപ) ആണ് ജനറൽ വിഭാഗത്തിൽ ഉൾപ്പെടുന്ന ഒരു ഗുണഭോക്താവിന് ഗ്രാമപഞ്ചായത്ത് വിഹിതമായി അനുവദിക്കാവുന്ന സബ്സിഡി തുക.

പദ്ധതിഫയലുകൾ പരിശോധിച്ചതിൽ നിന്നും ടി. പദ്ധതി പ്രകാരം നടത്തിയ ചെലവുകൾ, അനുവദിച്ച തുക, പദ്ധതി നടത്തിപ്പു സംബന്ധിച്ച അപാകതകൾ എന്നിവ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ്. | ഹാജരാക്കിയ ചെലവുരേഖകൾ പ്രകാരം ആകെ ചെലവു തുക | അനുവദിച്ച തുക. | അനുവദിക്കാവുന്ന ഗ്രാമപഞ്ചായത്ത് വിഹിതം- ആകെ ചെലവുതുകയുടെ 40 % ത്തിന്റെ 2/3ഭാഗം | അധികം അനുവദിച്ച തുക. |
|---|---|---|---|---|
| ഷിനു സെബാസ്റ്റ്യൻ തെക്കേ പാലയ്ക്കൽ, അർത്തുങ്കൽ | 76605 | 30745 | 20428 | 10317 |
| സെൻ. റ്റി.എസ്. ലയം, അരീപ്പറമ്പ്. | 72076 | 27080 | 19220 | 7860 |
| ഫ്രാൻസിസ്. എ.എക്സ്. | 82134 | 31720 | 21902 | 9818 |
| മുകിൽ ജോൺ. | 79698 | 7350(20-21) + 23560(21-22)=30910 | 21253 | 9657(21-22 ലെ ചെലവ്) |
| | 20-21 സാമ്പത്തികവർഷം ആകെ അധികം അനുവദിച്ച തുക | | | 27995 |

ടി പദ്ധതിനടത്തിപ്പു സംബന്ധിച്ച മറ്റ് പൊതുവായ അപാകതകൾ താഴെ കൊടുക്കുന്നു.

തൻവർഷം നാലു ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ പദ്ധതിയുടെ അംഗീകൃതഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഗുണഭോക്താക്കളുടെ അപേക്ഷ,തിരിച്ചറിയൽ രേഖകൾ, ചേർത്തല തെക്ക് പഞ്ചായത്തിലെ സ്ഥിരതാമസക്കാരാണ് എന്നുള്ള രേഖകൾ, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, പദ്ധതി നടത്തിപ്പ് മോണിട്ടറിംഗ് നടത്തിയ റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.12/28.06.21) ക്ക് മറുപടി സമർപ്പിച്ചിട്ടില്ല. ആയതിനാൽ ടി. പദ്ധതിനടത്തിപ്പിനായി അധികം അനുവദിച്ച 27995 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പദ്ധതിസംബന്ധിച്ച മറ്റ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ടി പദ്ധതിനടത്തിപ്പിനു ചെലവഴിച്ച ബാക്കി തുകയായ 68900/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-നഷ്ടം-7421 /- രൂപ നഷ്ടം

1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30000/- രൂപയ്ക്ക് മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്. (ഇൻകം ടാക്സ് കമ്മീഷണറുടെ 13-05-20 ലെ നിർദ്ദേശപ്രകാരം 14-05-20 മുതൽ 31-05-21 വരെ വ്യക്തികളാണെങ്കിൽ 0.75% ഉം സ്ഥാപനങ്ങളാണെങ്കിൽ 1.5% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തിയാൽ മതി. ആയത് പിന്നീട് 31-03-22 വരെ നീട്ടി നൽകി) എന്നാൽ താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 0.75% ആദായ നികുതി ബില്ലിൽ നിന്നും ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | പ്രവൃത്തി/വർക്ക് കോഡ്. | കരാറുകാരൻ /കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരം സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | അളവു പുസ്തകം പ്രകാരം കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | ഈടാക്കേണ്ട ആദായ നികുതി(0.75%) | FTO No./തുക അനുവദിച്ച തീയതി |
|---|---|---|---|---|---|
| 1. | ചിറ്റവെളി ചിറയിൽ റോഡ് ഗ്രാവലിംഗ് വർക്ക് കോഡ്.RC-267228) | സതീഷ്കുമാർ എം | Rs-189076/- (M Book നം 8/19-20) | 1418 /- | 189076/25.05.20 |
| 2. | പുളിച്ചുവട് മരിയിൽ റോഡ് മെറ്റലിംഗ് വർക്ക് കോഡ്.RC-298941 | സതീഷ്കുമാർ എം | 239702 /- -(M Book നം 8/19-20) | 1798 | 185192/28.10.20<br>54510 /28.10.20 |
| 3. | അർത്തുങ്കൽ പോലീസ്സ്റ്റേഷൻ അംഗനവാടി ഗ്രാവൽ റോഡ് നിർമ്മാണം വർക്ക് കോഡ്.RC-294690 | ആന്റണി | 200000/-- (M Book നം21 /19-20) | 1500 /- | 200000 /-25.05.20 |
| 4 | ആലപ്പറമ്പ് കാരിക്കശ്ശേരി റോഡ് വർക്ക് കോഡ്.RC-293476 | സതീഷ്കുമാർ | 162443 /- (M Book നം40/19-20) | 1218/- | 162443 /-/15.09.20 |

| | | | | | |
|---|---|---|---|---|---|
| 5 | കുരിശിങ്കൽ Toഎസ് എൻ ബിച്ച് റോഡ് കൺട്രക്ഷൻ വർക്ക് കോഡ്.RC-293234 | ആന്റണി | 198220 /- (M Book നം39/19-20) | 1487/- | 198220 / 11.09.20 |
| | | | ആകെ | 7421 /- | |

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(21/28.06.22) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്നും ആദായ നികുതി ഈടാക്കി ഒടുക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-15 കാലിവീപ്പയുടെ വില തനതുഫണ്ടിൽ നിക്ഷേപിച്ചിരിക്കുന്നു.

വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ ബില്ലിൽ നിന്നും കുറവു ചെയ്ത ടാർ വീപ്പയുടെ വില ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിലാണ് ഒടുക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണം ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | ഈടാക്കിയ ടാർ വീപ്പയുടെ വില | ഫണ്ട് ഇനം | ചെലവു വിവരം |
|---|---|---|---|---|
| 1 | കരുണ സ്റ്റോപ്പ് മുസ്ലീം പള്ളി റോഡ് ടാറിംഗ് (വാർഡ് 2) പ്രോജക്ട് നം. 156/21 | 2800 | റോഡു സംരക്ഷണ ഗ്രാന്റ് | 30/20-21/23.10.20 രൂപ 596363/- |
| 2 | പൂനാത്ത് കാട്ടിപ്പറമ്പ് റോഡ് ടാറിംഗ് (വാർഡ് 18) പ്രോജക്ട് നം. 204/21 | 3080 | റോഡു സംരക്ഷണ ഗ്രാന്റ് | 58/20-21/5.03.21— 435880 |
| 3 | പടനിലം കേളംകുളം റോഡ് ടാറിംഗ്.(വാർഡ് 13) പ്രോജക്ട് നം.172/21 | 2660 | റോഡു സംരക്ഷണ ഗ്രാന്റ് | 11/20-21/22.05.20 --594970 |

ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഏതു ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് (വികസന ഫണ്ട്/മെയിന്റനൻസ് ഗ്രാന്റ്) അതേ ഫണ്ടിൽ ജി.ഒ.(പി)177/06 ധനം12-04-06 ഉത്തരവ് ഖണ്ഡിക 10.3 പാലിച്ച് തിരിച്ചടയ്ക്കേണ്ടതാണ്. വികസന ഫണ്ട്/റോഡു സംരക്ഷണ ഗ്രാന്റുപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ടാർ വീപ്പ വിറ്റു കിട്ടുന്ന തുക ഗവൺമെന്റിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്. ഇപ്രകാരം ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (14/28.06.22) വരും വർഷങ്ങളിൽ ടി. അപാകത ഉണ്ടാകാതെ ശ്രദ്ധിക്കുന്നതാണ് എന്ന മറുപടി നൽകിയിട്ടുണ്ട്.

## 1-16 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്- അർഹമായ തുക നൽകുന്നില്ല.

| | |
|---|---|
| പ്രോജക്ടിന്റെ പേര്/ നം. | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ്. (Proj No. 22/21.) |
| അടങ്കൽ | 1825000 (വികസനഫണ്ട്-800000, ജില്ലാ പഞ്ചായത്ത്-550000, ബ്ലോക്ക് പഞ്ചായത്ത്-475000) |
| ചെലവ് | 890400 |
| 1) 7/20-21/25.09.20 | 415400(വികസനഫണ്ട്) |
| 2)9/20-21/22.01.21 | 362335(ബ്ലോക്ക് പഞ്ചായത്ത്) |
| 3)10/20-21/21.01.21 | 9500 (ബ്ലോക്ക് പഞ്ചായത്ത്) |
| 4)11/20-21/27.03.21 | 103165(ബ്ലോക്ക് പഞ്ചായത്ത്) |

പഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന ശാരീരിക മാനസികവെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ആകെ 1825000 രൂപ അടങ്കലിൽ പദ്ധതി വിഭാവനം ചെയ്തിരുന്നു. ഇതിൽ ജില്ലാ പഞ്ചായത്ത് വിഹിതമായി-550000രൂപ വകയിരുത്തിയിരുന്നുവെങ്കിലും ടി വിഹിതം ജില്ലാ പഞ്ചായത്തിൽ നിന്നും അനുവദിച്ചിട്ടില്ല. വിവിധ ആവശ്യങ്ങൾക്കായി മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾക്ക് വാർഷിക ധനസഹായമായി 28500 രൂപയാണ് നൽകേണ്ടത്. എന്നാൽ ഫണ്ടിന്റെ അപര്യാപ്തത മൂലം ടി വ്യക്തികൾക്ക് അർഹതപ്പെട്ട തുക നൽകാൻ സാധിച്ചിട്ടില്ല.

സമൂഹത്തിലെ പ്രത്യേക പരിഗണനയർഹിക്കുന്ന വിഭാഗങ്ങൾക്ക് സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക. (7.1.6) പ്രകാരം നൽകേണ്ട മുഴുവൻ തുകയും അനുവദിക്കേണ്ടതിനാവശ്യമായ ഫണ്ട് കണ്ടെത്തുന്നതിന് പദ്ധതിയുടെ അടങ്കൽ പ്രകാരമുള്ള ജില്ലാ പഞ്ചായത്തു വിഹിതം ലഭ്യമാക്കുന്നതിനും ഗുണഭോക്താക്കൾക്ക് നൽകേണ്ട മുഴുവൻ തുകയും ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികളെക്കുറിച്ച് ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 13/2/21, 12/3/21എന്നീ

തീയതികളിൽ സാംഖ്യയിൽ റിക്വിസിഷൻ തയ്യാറാക്കി നൽകിയിരുന്നുവെങ്കിലും അലോട്ട്മെന്റ് ലഭ്യമാക്കിയില്ല എന്നും അറിയിച്ചിട്ടുണ്ട്. ജില്ലാ പഞ്ചായത്തുവിഹിതം കൂടി ലഭ്യമാക്കിക്കൊണ്ട് ടി.വ്യക്തികൾക്ക് അർഹമായ മുഴുവൻ ആനുകൂല്യവും നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-17 പാലിയേറ്റീവ് കെയർ- കമ്മ്യൂണിക്കേഷൻ അലവൻസ് ഇനത്തിൽ നഴ്സിന് അധികം തുക നല്കി

06/2020-21

അടങ്കൽ -വികസന ഫണ്ട് (ജനറൽ)

| ഇനം | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് | 125435 | 125435 |
| മറ്റ് ബ്ലോക്ക് വിഹിതം | 300000 | 274260 |
| തനത് ഫണ്ട് | 174565 | 274260 |
| ആകെ | 6,00,000 | 5,51,195 |

ടി പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ, പാലിയേറ്റീവ് നഴ്സിന് കമ്മ്യൂണിക്കേഷൻ അലവൻസ് ഇനത്തിൽ (ബിൽ നം. 14/20-21, 31.10.2020- 53,240/-രൂപ) ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ തുക നല്കി. കൂടാതെ, മറ്റൊരു ബിൽ മുഖേനയും (ബിൽ നം. 14/20-21, 05.03.2021- 5,315/-രൂപ) മേൽ സൂചിപ്പിച്ച മാസങ്ങളിലെ വീണ്ടും മാറി നല്കിയിട്ടുണ്ട്.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/27.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, ടി തുക (800/-രൂപ) ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർദ്ദിഷ്ട ശീർഷകത്തിൽ ഒടുക്ക് വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും കൃത്യമായി ഈടാക്കിയിട്ടില്ല.

ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിൽ തൻവർഷം നടപ്പിലാക്കിയ മരാമത്തു പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവർത്തികൾക്ക് പാക്ക്ഡ് ബിറ്റുമിന്റെ നിരക്കിലാണ് മൂല്യ നിർണ്ണയം നടത്തിയിട്ടുള്ളത്. എന്നാൽ കരാറുകാരന് തുക നൽകിയപ്പോൾ ഫൈനൽ ബില്ലിൽ നിന്നും കാലിവീപ്പയുടെ വിലയും 18% നിരക്കിൽ ജി.എസ്.ടിയും കൃത്യമായി ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട്/ പേര് | കരാറുകാരന്റെ പേര് | ഫണ്ടിനം | ഉപയോഗിച്ച ബിറ്റുമിന്റെ അളവ് | ഈടാക്കേണ്ട തുക (@238 രൂപ + 18% ജി.എസ്.ടി) | ഈടാക്കിയ തുക | ഈടാക്കിയതിൽ കുറവ്. | ബിൽ നമ്പർ തിയതി |
|---|---|---|---|---|---|---|---|---|
| 1 | 172/21 പടനിലം കേളംകുളം റോഡ് ടാറിംഗ്. | ശോഭൻ. സി.ബി. | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 10 ബാരൽ | 2810 | 2660 | 150 | 11/20-21 /22.05.20- -594970 |

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/29.06.2022) ടി അപാകത മാപ്പാക്കണമെന്ന് അഭ്യർത്ഥിച്ചിരിക്കുന്നു. ടി തുക കരാറുകാരനിൽ നിന്നും ഈടാക്കി ശരിയായ ഹെഡിൽ ഒടുക്കേണ്ടതാണ്.

## 1-19 ക്ഷേമ പെൻഷൻ തുക - അധികം നല്കി

പഞ്ചായത്തിലെ ക്ഷേമപെൻഷൻ വിതരണവിവരങ്ങൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു

പഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിലെ ഡെത്ത് റിപ്പോർട്ട് പരിശോധിച്ചതിൽ മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താക്കളെ സേവനഡാറ്റാ ബെയ്സിൽ നിന്നും ഒഴിവാക്കുന്നതിൽ വളരെയധികം കാലതാമസം ഉള്ളതായി കാണുന്നു. ഇതുമൂലം അനർഹമായ കാലയളവിലെ പെൻഷൻ തുക ബാങ്ക് അക്കൌണ്ട് വഴി പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്നവർക്ക് അതാത് ബാങ്കുകളിലേക്ക് നൽകിയിട്ടുണ്ട് . ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര്/വിലാസം | പെൻഷൻ തരം/ഐഡി | മരിച്ച തീയതി/ | അനർഹമായകാലയളവ്/ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | സസ്പെൻഡ് ചെയ്ത തീയതി | |
| 1 | ഏ ഏ ജോസഫ് അരേശ്ശേരിൽ അർത്തുങ്കൽ | വികലാംഗ പെൻഷൻ | 26.12.2019 | 02/2020 മുതൽ 10/2021 വരെയുള്ള 30400/-രൂപ എസ് ബി ഐ - യിലെ അക്കൌണ്ടിൽ നിക്ഷേപിച്ചു. |
| 2 | ശാന്തപ്പൻ തെക്കേവെളി അർത്തചുങ്കൽ | വാർദ്ധക്യ കാല പെൻഷൻ | 26.02.2020 | 03/2020 മുതൽ 04/2021 വരെയുള്ള 2500/-രൂപ എസ് ബി ഐ - യിലെ അക്കൌണ്ടിൽ നിക്ഷേപിച്ചു. |
| 3 | വർക്കി , കൈതേത്ത് അർത്തുങ്കൽ | വാർദ്ധക്യ കാല പെൻഷൻ | 06.01.2020 | 02/2020 മുതൽ 10/2020 വരെയുള്ള 11700/-രൂപ എസ് ബി ഐ - യിലെ അക്കൌണ്ടിൽ നിക്ഷേപിച്ചു. |
| | | | | 44600/- |

ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 16/ തീയതി- 28.06.2022) മറുപടി ലഭ്യമാക്കിയില്ല. അക്കൌണ്ടിൽ നിക്ഷേപിച്ച തുക അനന്തരാവകശികൾ കൈപ്പറ്റിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി ഒടുക്കുവരുത്തി വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-20 കോവിഡ് പ്രതിരോധം-അവലോകനം

2020 മെയ് മാസം മുതൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ ആരംഭിച്ചു. സർക്കാർ നിർദ്ദേശാനുസരണം അന്യ സംസ്ഥാനങ്ങളിൽ നിന്നും വിദേശത്ത് നിന്നും വരുന്നവർക്കായി അർത്തുങ്കൽ സെൻറ് സെബാസ്റ്റ്യൻ ഹോസ്പിറ്റലിൽ ഡി.ഡി.എം.എ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ക്വാറന്റെൻ സെന്റർ ആരംഭിക്കുകയും 52 പേർക്ക് 14 ദിവസം വീതം ക്വാറന്റെൻ സൗകര്യം ഒരുക്കുകയും ചെയ്തു. ഇവർക്കുള്ള ഭക്ഷണവും മറ്റ് അടിസ്ഥാന സൗകര്യങ്ങളും, ശുചികരണ തൊഴിലാളികൾക്കുള്ള വേതനവും ഗ്രാമ പഞ്ചായത്ത് നൽകി. വീടുകളിലെ ക്വാറന്റെൻ സംവിധാനം ശക്തമാക്കി. ലോക്ക്ഡൗൺ സമയത്ത് അതിഥി തൊഴിലാളികൾക്ക് ആവശ്യമായ ക്രമീകരണങ്ങൾ പഞ്ചായത്ത് ഏർപ്പെടുത്തി. ലോക്ക്ഡൗൺ സമയത്ത് സന്നദ്ധ സംഘടനകളുടെയും സുമനസുകളുടെ സഹകരണത്തോടെ അഗതികൾക്കും, ഭക്ഷണം വെച്ച് കഴിക്കാൻ സാധിക്കാത്തവരുമായ വ്യക്തികൾക്ക് ഭക്ഷണം സമൂഹ അടുക്കള വഴി നൽകി. 13-08-2020 മുതൽ 04-10-2020 വരെ ഡി.ഡി.എം.എ യുടെ നിർദ്ദേശാനുസരണം സി.എഫ് എൽ.റ്റി.സി പ്രവർത്തനം അർത്തുങ്കൽ ജി.ആർ.എഫ്.റ്റി.എച്ച്.എസ് -ൽ നടത്തി. സി.എഫ്.എൽ.റ്റി.സി യിൽ 339 ഓളം പേർക്ക് ചികിത്സ ലഭ്യമാക്കാൻ കഴിഞ്ഞു. പഞ്ചായത്തിൽ കോവിഡ് ബാധിക്കുന്നവരെ ആശുപത്രിയിൽ എത്തിക്കുന്നതിനും വീടുകൾ ശുചികരിക്കുന്നതിനും കോവിഡ് മൂലം മരണപ്പെട്ടവരുടെ മൃതദേഹം സംസ്കരിക്കുന്നതിനുമുള്ള ശുചികരണ സാധനങ്ങളും പി.പി.ഇ കിറ്റും, ആബുലൻസ് സൗകര്യവും പഞ്ചായത്തിൽ നിന്നും ജീവനക്കാർ/ആർ.ആർ.റ്റി അംഗങ്ങൾ/സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സഹായത്തോടെ രാത്രി എന്നോ പകൽ എന്നോ അവധി ദിനങ്ങൾ എന്നോ നോക്കാതെ 24 മണിക്കൂറും സേവനം നൽകി . ഇത്തരം പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പഞ്ചായത്ത് തല ജീവനക്കാർ/ ബഹു .ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയ അധ്യാപകർ എന്നിവരുടെ മേൽനോട്ടത്തിൽ വാർഡ് തലത്തിൽ ആർ.ആർ.ടി യോഗങ്ങൾ എല്ലാ ആഴ്ചയിലും ചേരുകയും, പൊതുജനം കോവിഡ് മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോഎന്നും ,ക്വാറൻറയിൻ ലംഘനങ്ങൾ ഇല്ല എന്നും ഉറപ്പ് വരുത്തുന്നതിനും പ്രതിദിനം വാർഡ് ആർ.ആർ.ടി യുമായി ചേർന്ന് ഫീൽഡ്തല പരിശോധന നടത്തിയിരുന്നു. കോവിഡ് പ്രതിരോധത്തിൻറെ ഭാഗമായി ശുചികരണ പ്രവർത്തനങ്ങൾ ഗ്രാമ പഞ്ചായത്ത് നടത്തി. 2021 മെയ്യ് മുതൽ ഡി.സി.സി പ്രവർത്തനം ചേർത്തല തെക്ക് ഗവ.ഹയർസെക്കന്ററി സ്കൂളിൽ ആരംഭിച്ചു. 24 മണിക്കൂർ ആബുലൻസ് സേവനം ലഭ്യമാക്കുന്നതിനായി ഗ്രാമ പഞ്ചായത്ത് ആബുലൻസ് 4 മാസത്തേക്ക് വാടകയ്ക്ക് എടുത്തു. മുഴുവൻ സമയ ഹെൽപ്പ്ഡെസ്കിന്റെ സഹായത്തോടെ രോഗികളെ ആശുപത്രിയിൽ എത്തിക്കുന്നതിനും ചികിത്സ വേഗത്തിൽ സാധ്യമാക്കുന്നതിനും സാധിച്ചു.

ഗ്രാമ പഞ്ചായത്ത് കാര്യാലയം കേന്ദ്രികരിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഹെൽപ്പ് ഡെസ്ക് രൂപികരിച്ചിരുന്നു.

ഇതിനായി പഞ്ചായത്തിലെ എല്ലാ വിഭാഗം ജീവനക്കാരുടേയും സേവനങ്ങൾ ലഭ്യമാക്കിയിരുന്നു.

വാർഡ് മെമ്പർമാർ, ആരോഗ്യ പ്രവർത്തകർ എന്നിവരുടെനേതൃത്വത്തിൽ വാർഡ് തല ആർ.ആർ.ടികൾക്ക് നേതൃത്വം നൽകി. കണ്ടെയിൻമെന്റ് സോണുകൾ തയ്യാറാക്കുന്നതിനും നിരീക്ഷണ പ്രവർത്തനങ്ങൾക്കും പോലീസിനെ സഹായിച്ചു. കൂടാതെ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി.

1. കോവിഡ് രോഗികളുടെ വീടുകൾ അണുനശീകരണം നടത്തി.
2. ഭക്ഷണസൗകര്യം ഇല്ലാത്തവർക്കും നിർദ്ധനർക്കും സാമൂഹ്യ അടുക്കളയിൽ നിന്നും ഉച്ചഭക്ഷണവും, പ്രഭാതത്തിലും രാത്രിയിലും ജനകീയ പങ്കാളിത്ത ത്തോടെ ഭക്ഷണം നൽകി.
3. കോവിഡ് മൂലം മരണമടഞ്ഞ വരെ സംസ്കരിക്കുന്നതിന് നേതൃത്വം നൽകി.
4. സി.എഫ്.എൽ.റ്റി.സി/ഡി.സി.സി എന്നിവയുടെ പ്രവർത്തനങ്ങൾക്ക് ജീവന ക്കാർക്ക് സഹായം നൽകി.
5. ജനകീയ അടുക്കളയിൽ ഭക്ഷണം പാകം ചെയ്യുന്നതിനും വിതരണം ചെയ്യുന്ന തിനും അഹോരാത്രം ജോലി ചെയ്തു.
6. അത്യാസന്ന നിലയിലായ കോവിഡ് രോഗികളെ രാത്രികാലങ്ങളി.ൽ

സി.എഫ്.എൽ.റ്റി.സി യിലേക്ക് ഷിഫ്റ്റ് ചെയ്യുന്നതിന് നേതൃത്വം നൽകി.

7.വാർഡുകൾ കണ്ടെയിൻമെന്റ് സോണുകൾ ആയി പ്രവർത്തിച്ച സമയത്ത് മരുന്നും ഭക്ഷണ സാധനങ്ങളും മറ്റും വാർഡുകളിൽ എത്തിക്കുന്നതിന് നേതൃത്വം നൽകി.

സർക്കാർ നിർദ്ദേശിച്ചത് പ്രകാരം തനത്ഫണ്ട്/പ്ലാൻഫണ്ട് എന്നിവ ഉപയോഗിച്ചുകൊണ്ട് പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് കണ്ടെത്തി. ജി.ആർ.എഫ്.റ്റി.എച്ച്.എസ്, അർത്തുങ്കൽ ൽ സി.എഫ്.എൽ.റ്റി.സി പ്രവർത്തിച്ചിരുന്നു.

ദുരന്ത നിവാരണ അതോറിറ്റിയിൽ നിന്നും 2000000/- ലഭിച്ചിരുന്നു. ആയതിൽ 14250000/- രൂപ ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തുപരിധിയിൽ ആകെ 11146 പേർ കോവിഡ് പോസിറ്റിവ് ആയി. അതിൽ 96 പേർ മരണപ്പെട്ടു.

## 1-21 ലൈബ്രറി സെസ് ഇനത്തിൽ പിരിച്ച തുക അടവാക്കിയില്ല

2020-21 വർഷം പിരിച്ചെടുത്ത ലൈബ്രറി സെസ് തുകയായ 150725/- രൂപ (31.03.2021 ലെ ബാലൻസ് ഷീറ്റിൽ നിലനില്ക്കുന്ന തുക) നാളിതുവരെ ലൈബ്രറി കൌൺസിലിൽ ഒടുക്കിയിട്ടില്ല. ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 23/30.03.2022)മറുപടി ലഭ്യമാക്കിയിട്ടില്ല. ടി തുക അടച്ച് രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-22 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

ചേർത്തല തെക്ക് ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.-

1) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. മുൻകാലങ്ങളിൽ ആർജ്ജിച്ച ആസ്തികൾ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഗ്രാമ പഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും ഉൾക്കൊള്ളിച്ചുകൊണ്ട് ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്ററിൽ റോഡുകളുടെ വിവരം രേഖപ്പെടുത്തിയിട്ടുള്ളതിൽ അവയുടെ അവസാന മെയിന്റനൻസ് വിവരങ്ങൾ, വാർഡ് നമ്പർ തുടങ്ങിയവ പൂർണ്ണമായി രേഖപ്പെടുത്തിയിട്ടില്ല.

2)ജംഗമ വസ്തുക്കളുടെ വിവരങ്ങൾ (അവയുടെ വില, വാങ്ങിയ തീയതി, ആരുടെ കൈവശം സൂക്ഷിച്ചിരിക്കുന്നു,)തുടങ്ങിയ വിവരങ്ങൾ പൂർണ്ണമായി ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

3)ഭൂമിയുടെയും, കുടിവെള്ള പദ്ധതികളുടെയും വിവരങ്ങൾ ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

4. 2020-21 ലും, അതിന് മുൻപുള്ള വർഷങ്ങളിലും വളരെയധികം റോഡുകളും, കെട്ടിടങ്ങളും നിർമ്മിച്ചിട്ടുണ്ടെങ്കിലും അവയുടെ വിവരങ്ങളൊന്നും തന്നെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. 2020-21 സാമ്പത്തികവർഷം വരെ നിർമ്മിച്ച ആസ്തികളുടെ വിവരങ്ങൾ ചേർത്ത് ആസ്തിരജിസ്റ്റർ കാലികമാക്കിയിട്ടില്ല. ടി വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/21) ടി അപാകതകൾ R-Track എന്ന പദ്ധതി പ്രകാരം പരിഹരിക്കുന്നതാണ് എന്നു

മറുപടി നൽകിയിട്ടുണ്ട്. ആസ്തിരജിസ്റ്റർ കൃത്യമായി പരിപാലിക്കപ്പെടേണ്ടതാണ്. ടി വിഷയം സംബന്ധിച്ച് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-23 അംഗൻവാടി ഭൗതികസാഹചര്യങ്ങൾ

ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിൽ ആകെ 47 അംഗൻവാടികൾ പ്രവർത്തിക്കുന്നതിൽ 29 എണ്ണം സ്വന്തം കെട്ടിടത്തിലും 18 എണ്ണം വാടകകെട്ടിടത്തിലുമാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി സ്ഥലമുണ്ടായിട്ടും സെന്റർ നം.74, 61, 59 എന്നീ മൂന്ന് അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. ആകെ 28 അംഗൻവാടികൾക്കു മാത്രമാണ് ചുറ്റമതിൽ നിർമ്മിച്ചിട്ടുള്ളത്. ആകെ 6 അംഗൻവാടികളിൽ മാത്രമാണ് ശിശുസൗഹൃദ ടോയ് ലറ്റുകൾ നിർമ്മിച്ചിട്ടുള്ളത്. 20-21 സാമ്പത്തികവർഷം എല്ലാ അംഗൻവാടികൾക്കും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്. അംഗൻവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നതിലേയ്ക്ക് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

### 1-24 ആശ്രയ ഭവന പദ്ധതി നടപ്പാക്കുന്നില്ല

പ്രോജക്ട് നം - S0012/20

പ്രോജക്ടിന്റെ പേര് – ആശ്രയ പദ്ധതി (സ്പിൽ ഓവർ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

വകയിരുത്തൽ

വികസന ഫണ്ട് - 650500/-

തനത് ഫണ്ട് - 149500/-

ബ്ളോക്ക് പഞ്ചായത്ത് വിഹിതം - 500000/-

ആകെ അടങ്കൽ - 1300000/-

അഗതി ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് വീട് പുനരുദ്ധാരണത്തിന് (വീട് വാസയോഗ്യമാക്കൽ)ആനുകൂല്യം നൽകുകയാണ് അംഗീകരിച്ച പ്രോജക്ടിന്റെ ലക്ഷ്യം. 10 പേർക്ക് 80000/-രൂപ വീതം 800000/-രൂപയും പോഷകാഹാര വിതരണത്തിനായി 500000/-രൂപയും വകയിരുത്തിയിരുന്നു. ഇതിൽ ബ്ലോക്ക് വിഹിതമായി ലഭിച്ച 4.5 ലക്ഷം രൂപ ഭക്ഷണത്തിനായി ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല. സ്പിൽ ഓവറായി നടപ്പാക്കാൻ ഉദ്ദേശിച്ച പ്രസ്തുത പദ്ധതിക്ക് 19-20, 20-21 സാമ്പത്തികവർഷങ്ങളിലും തുകയൊന്നും തന്നെ ചെലവഴിച്ചില്ല .നിലവിൽ അഗതി ആശ്രയ ലിസ്റ്റിൽ 233 ഗുണഭോക്താക്കൾ ഉൾപ്പെട്ടിട്ടുണ്ട്. 2020-21 സാമ്പത്തികവർഷം DFK അക്കൗണ്ടിൽ 1741486/- രൂപ നീക്കിയിരുപ്പ് ഉണ്ട്. വീട് അറ്റകുറ്റപ്പണിക്കായി അഗതിരഹിതകേരളം DPR പ്രകാരം ലിസ്റ്റിലുള്ള 37 പേരിൽ നിന്നും പഞ്ചായത്ത് കമ്മറ്റി 10 പേരുടെ ലിസ്റ്റ് അംഗീകരിച്ചുനൽകിയെങ്കിലും ധനസഹായത്തിന് അർഹമായ രേഖകൾ ഹാജരാക്കുവാൻ ഗുണഭോക്താക്കൾക്ക് സാധിച്ചിട്ടില്ല എന്നും അവശേഷിക്കുന്ന ഗുണഭോക്താക്കളിൽ നിന്നും രേഖകൾ ഹാജരാക്കിയവർക്കും ഭവനനിർമ്മാണത്തിന് തയ്യാറാകുന്നവർക്കും ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണെന്ന് ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നം.7/24.06.22) മറുപടി ലഭ്യമാക്കി. ശരിയായ ആസൂത്രണമില്ലാതെയാണ് സി.ഡി.എസ് ന്റെ അക്കൗണ്ടിലേക്ക് തുക കൈമാറിയതെന്നും പ്രസ്തുത മറുപടിയിൽനിന്നും വ്യക്തമാകുന്നു. ഭവന നിർമ്മാണത്തിനായി നീക്കിവെച്ചിരിക്കുന്ന തുക ഉപയോഗിച്ച് തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണം അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ച് അറിയ്ക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 കുറഞ്ഞനിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി 4321/- രൂപ നഷ്ടം

ശ്രീ.ജോസ് കുഞ്ഞു, ശ്രീമതി.ജീനാ മോൾ, തെക്കേതൈവെളിക്കകത്ത്, അർത്തുങ്കൽ പി ഒ, ചേർത്തല എന്നിവരുടെ

പേരിലുള്ളതും 130.18 ചതുരശ്രമീറ്റർ തറ വിസ്തീർണ്ണമുള്ളതുമായ കെട്ടിടത്തിന് lv/230 A മുതൽ F വരെയുള്ള നമ്പരുകൾ നൽകി വസ്തുനികുതി കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടത്തെ 100 ചതുരശ്രമീറ്റർ വരെയുള്ള തറവിസ്തൂർണ്ണമുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ ഷോപ്പുകൾ, ഗോഡൌൺ എന്നീ വിഭാഗത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ പ്രസ്തുത കെട്ടിടത്തെ 100 ചതുരശ്രമീറ്ററിന് മുകളിൽ തറവിസ്തൂർണ്ണമുള്ള ഹോട്ടലുകൾ, റസ്റ്റോറന്റുകൾ ഷോപ്പുകൾ, ഗോഡൌൺ എന്നീ വിഭാഗത്തിൽ ഉൾപ്പെടുത്തി വേണമായിരുന്ന നികുതി നിശ്ചയിക്കേണ്ടിയിരുന്നത്. തെറ്റായ നികുതി കണക്കാക്കലിലൂടെ നികുതി ഈടാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

വിശദാംശം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേരും മേൽവിലാസവും | വാർഡ്/ കെട്ടിട നം. | തറ വിസ്തീർണ്ണം ($M^2$) | അടിസ്ഥാന വസ്തു നികുതി ($M^2$ ന് 40/- രൂപ നിരക്കിൽ ഈടാക്കിയത്) | ഈടാക്കേണ്ട വസ്തു നികുതി | ഈടാക്കിയ വസ്തു നികുതി | കുറവ് |
|---|---|---|---|---|---|---|
| ജോസ് കുഞ്ഞു, ജീനാ മോൾ, തെക്കേതൈവെളിക്കകത്ത്, അർത്തുങ്കൽ പി ഒ, ചേർത്തല | 4/230 A | 18.1 $M^2$ | 18.1*40 – 724<br>വർദ്ധനവ്<br>വഴി സൌകര്യം - *20%- 144.8<br>ഇളവ്<br>മേഖല- *10%- 72.4<br>ലൈബ്രറി സെസ് - 40<br>ആകെ - 837 | അടിസ്ഥാന വസ്തുനികുതി 60- 18.1*60 = 1086/-<br>വഴി സൌകര്യം - *20% = 217<br>ഇളവ്<br>മേഖല- *10%- 109<br>ലൈബ്രറി സെസ് - 60<br>ആകെ - 1472 | 837/- | 635/- |
| 2 | 4/230B | 18.1 $M^2$ | 18.1*40 – 724<br>വർദ്ധനവ്<br>വഴി സൌകര്യം - *20%- 144.8<br>ഇളവ്<br>മേഖല- *10%- 72.4<br>ലൈബ്രറി സെസ് - 40<br>ആകെ - 837 | അടിസ്ഥാന വസ്തുനികുതി 60- 18.1*60 = 1086/-<br>വഴി സൌകര്യം - *20% = 217<br>ഇളവ്<br>മേഖല- *10%- 109<br>ലൈബ്രറി സെസ് - 60<br>ആകെ - 1472 | 837/- | 635/- |
| 3. | 4/230C | 18.1$m^2$ | 18.1*40 – 724<br>വർദ്ധനവ് | അടിസ്ഥാന വസ്തുനികുതി 60- 18.1*60 | 837/- | 635/- |

| | | | | | | |
|---|---|---|---|---|---|---|
| | | | വഴി സൌകര്യം - *20%- 144.8 ഇളവ് മേഖല- *10%- 72.4 ലൈബ്രററി സെസ് - 40 ആകെ - 837 | = 1086/- വഴി സൌകര്യം - *20% = 217 ഇളവ് മേഖല- *10%- 109 ലൈബ്രററി സെസ് - 60 ആകെ - 1472 | | |
| 4 | 4/230D | 18.1m$^2$ | 18.1*40 – 724 വർദ്ധനവ് വഴി സൌകര്യം - *20%- 144.8 ഇളവ് മേഖല- *10%- 72.4 ലൈബ്രററി സെസ് - 40 ആകെ - 837 | അടിസ്ഥാന വസ്തുനികുതി 60- 18.1*60 = 1086/- വഴി സൌകര്യം - *20% = 217 ഇളവ് മേഖല- *10%- 109 ലൈബ്രററി സെസ് - 60 ആകെ - 1472 | 837/- | 635/- |
| 5 | 4/230E | 18.1m$^2$ | 18.1*40 – 724 വർദ്ധനവ് വഴി സൌകര്യം - *20%- 144.8 ഇളവ് മേഖല- *10%- 72.4 ലൈബ്രററി സെസ് - 40 ആകെ - 837 | അടിസ്ഥാന വസ്തുനികുതി 60- 18.1*60 = 1086/- വഴി സൌകര്യം - *20% = 217 ഇളവ് മേഖല- *10%- 109 ലൈബ്രററി സെസ് - 60 ആകെ - 1472 | 837/- | 635/- |
| 6 | 4/230F | 18.1m$^2$ | 18.1*40 – 724 | അടിസ്ഥാന | 837/- | 635/- |

| | | | | | | |
|---|---|---|---|---|---|---|
| | | | വർദ്ധനവ്<br>വഴി സൌകര്യം -*20%- 144.8<br>ഇളവ്<br>മേഖല-<br>*10%-<br>72.4<br>ലൈബ്രറി സെസ് - 40<br>ആകെ - 837 | വസ്തുനികുതി 60- 18.1*60 = 1086/-<br>വഴി സൌകര്യം -*20% = 217<br>ഇളവ്<br>മേഖല-<br>*10%-<br>109<br>ലൈബ്രറി സെസ് - 60<br>ആകെ - 1472 | | |
| | 4/230G | 21.58 | 21.58*40 – 864<br>വർദ്ധനവ്<br>വഴി സൌകര്യം -*20%- 172.8<br>ഇളവ്<br>മേഖല-<br>*10%-<br>86.4<br>ലൈബ്രറി സെസ് - 48<br>ആകെ - 998 | അടിസ്ഥാന വസ്തുനികുതി 60-<br>21.58*60 = 1295/-<br>വഴി സൌകര്യം -*20% = 259<br>ഇളവ്<br>മേഖല-<br>*10%-<br>129<br>ലൈബ്രറി സെസ് - 84<br>ആകെ - 1509 | 998 | 511 |
| ആകെ | | 130.18 | | | | 4321 |

മേൽ കണക്കുകൾ പ്രകാരം വസ്തുനികതി ഈടാക്കിയതിൽ കുറവ് വന്നിട്ടുണ്ട്. ഈ അപാകതയ്ക്ക് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18, തീയതി – 25.06.2022) കുറവ് വന്ന തുക ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ആയതിനാൽ, ടി കെട്ടിടത്തിന്റെ നികതി പുനർ നിർണയിച്ച് നാളിതുവരെ ഈടാക്കിയതിൽ കുറവ് വന്ന നികതി ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വീട്ടു വളപ്പിൽ കുളത്തിലെ മൽസ്യകൃഷി -27995 രൂപ അധികം നൽകി.

| | |
|---|---|
| പ്രോജക്ടിന്റെ പേര്/നമ്പർ. | വീട്ടു വളപ്പിൽ കുളത്തിലെ മൽസ്യകൃഷി./പ്രോജക്ട് നം.s0179/21.(ജന) |
| അടങ്കൽ | 1230000(വികസനഫണ്ട്-200000 സംസ്ഥാനാവിഷ്കൃതം- 164000, തനതുഫണ്ട്-128000, ഗ്ര.വി.738000) |
| ചെലവ്. | 96895 |

| | |
|---|---|
| ബിൽ നം.1/20-21/24.03.21 | 22945.( വികസനഫണ്ട്) |
| ചെക്ക് നമ്പർ – 6944207/27.03.21. | 73950(തനതുഫണ്ട്) |

വീട്ടുവളപ്പിൽ കുളത്തിലെ മൽസ്യകൃഷി എന്ന പദ്ധതി പ്രകാരം 20-21 സാമ്പത്തികവർഷം 4 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. 80 ച.മീ.വിസ്തീർണ്ണമുള്ള കുളം 40 സെ.മീ. ആഴത്തിൽ കുഴിയെടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിനു ചുറ്റുമായി 110 സെ.മീ. ഉയരത്തിൽ ബണ്ട് രൂപീകരിച്ച ശേഷം കുളത്തിൽ പടുത വിരിക്കൽ, അടിത്തട്ട് ഒരുക്കൽ 125 സെ.മീ. ഉയരത്തിൽ ജലം നിറയ്ക്കൽ സംരക്ഷിതവല സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നിർവ്വഹിച്ച് 1000 മൽസ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതാണ് പ്രോജക്ട്. 123000രൂപയുടെ യൂണിറ്റ് നിരക്ക് നിശ്ചയിച്ചിരിക്കുന്ന പദ്ധതി പ്രകാരം ജനറൽ വിഭാഗത്തിൽ ഉൾപ്പെടുന്ന ഒരു ഗുണഭോക്താവിന് സബ്സിഡി മാർഗ്ഗരേഖ സ.ഉ.(കൈ)നം. 22/18/തസ്വഭവ തീയതി.14.02.18 ഖണ്ഡിക നം. 4.1പ്രകാരം പദ്ധതി നടത്തിപ്പിനായി നടത്തിയ യഥാർത്ഥചെലവിന്റെ 40 % വരുന്ന തുകയാണ് ആകെ അനുവദിക്കാവുന്ന സബ്സിഡി. ടി. തുകയുടെ 2/3 ഭാഗം തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ നിന്നും, 1/3 ഭാഗം ഫിഷറീസ് വകുപ്പിൽ നിന്നുമാണ് അനുവദിക്കേണ്ടത്. അതായത്, ആകെ ചെലവിന്റെ 40 % വരുന്ന തുകയുടെ 2/3 ഭാഗം(പരമാവധി 32800 രൂപ) ആണ് ജനറൽ വിഭാഗത്തിൽ ഉൾപ്പെടുന്ന ഒരു ഗുണഭോക്താവിന് ഗ്രാമപഞ്ചായത്തു വിഹിതമായി അനുവദിക്കാവുന്ന സബ്സിഡി തുക.

പദ്ധതിഫയലുകൾ പരിശോധിച്ചതിൽ നിന്നും ടി. പദ്ധതി പ്രകാരം നടത്തിയ ചെലവുകൾ, അനുവദിച്ച തുക, പദ്ധതി നടത്തിപ്പു സംബന്ധിച്ച അപാകതകൾ എന്നിവ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവ്. | ഹാജരാക്കിയ ചെലവുരേഖകൾ പ്രകാരം ആകെ ചെലവു തുക | അനുവദിച്ച തുക. | അനുവദിക്കാവുന്ന ഗ്രാമപഞ്ചായത്തു വിഹിതം- ആകെ ചെലവുതുകയുടെ 40 % ത്തിന്റെ 2/3ഭാഗം | അധികം അനുവദിച്ച തുക. |
|---|---|---|---|---|
| ഷിനു സെബാസ്റ്റ്യൻ തെക്കേ പാലയ്ക്കൽ, അർത്തുങ്കൽ | 76605 | 30745 | 20428 | 10317 |
| സെൻ. റ്റി.എസ്. ലയം, അരീപ്പറമ്പ്. | 72076 | 27080 | 19220 | 7860 |
| ഫ്രാൻസിസ്. എ.എക്സ്. | 82134 | 31720 | 21902 | 9818 |
| മുകിൽ ജോൺ. | 79698 | 7350(20-21) + 23560(21-22)=30910 | 21253 | 9657(21-22 ലെ ചെലവ്) |
| | 20-21 സാമ്പത്തികവർഷം ആകെ അധികം അനുവദിച്ച തുക | | | 27995 |

ടി പദ്ധതിനടത്തിപ്പു സംബന്ധിച്ച മറ്റ് പൊതുവായ അപാകതകൾ താഴെ കൊടുക്കുന്നു.

തൻവർഷം നാലു ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയ പദ്ധതിയുടെ അംഗീകൃതഗുണഭോക്തൃലിസ്റ്റ് പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ഗുണഭോക്താക്കളുടെ അപേക്ഷ, തിരിച്ചറിയൽ രേഖകൾ, ചേർത്തല തെക്ക് പഞ്ചായത്തിലെ സ്ഥിരതാമസക്കാരാണ് എന്നുള്ള രേഖകൾ, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ്, പദ്ധതി നടത്തിപ്പ് മോണിട്ടറിംഗ് നടത്തിയ റിപ്പോർട്ട് എന്നിവ പരിശോധനയ്ക്ക് സമർപ്പിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.12/28.06.21) ക്ക് മറുപടി സമർപ്പിച്ചിട്ടില്ല. ആയതിനാൽ ടി. പദ്ധതിനടത്തിപ്പിനായി അധികം അനുവദിച്ച 27995 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പദ്ധതിസംബന്ധിച്ച മറ്റ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ ടി പദ്ധതിനടത്തിപ്പിനു ചെലവഴിച്ച ബാക്കി തുകയായ 68900 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 കരാറുകാരനിൽ നിന്നും ആദായ നികുതി ഈടാക്കിയില്ല-നഷ്ടം-7421/- രൂപ നഷ്ടം

1961 ലെ ഇൻകം ടാക്സ് ആക്ടിലെ സെക്ഷൻ 194 (C) പ്രകാരം 30000/- രൂപയ്ക്കു മേലുള്ള കരാർ പ്രവർത്തിയിൽ കരാറുകാരന് തുക അനുവദിക്കുമ്പോൾ, വ്യക്തികളാണെങ്കിൽ 1% ഉം സ്ഥാപനങ്ങളാണെങ്കിൽ 2% ഉം നിരക്കിൽ ആദായ

നികുതി സോഴ്സ് ഡിഡക്ഷൻ നടത്തേണ്ടതാണ്.(ഇൻകം ടാക്സ് കമ്മീഷണറുടെ 13-05-20 ലെ നിർദ്ദേശപ്രകാരം 14-05-20 മുതൽ 31-05-21 വരെ വ്യക്തികളാണെങ്കിൽ 0.75% ഉം സ്ഥാപനങ്ങളാണെങ്കിൽ 1.5% ഉം നിരക്കിൽ ആദായ നികുതി സോഴ്സ് ഡിഡക്ഷൻ നടത്തിയാൽ മതി.ആയത് പിന്നീട് 31-03-22 വരെ നീട്ടി നൽകി) എന്നാൽ താഴെപ്പറയുന്ന റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ആവശ്യമായ മെറ്റലും, എം സാൻഡും, സിമന്റും സപ്ലൈ ചെയ്തിട്ടുള്ള കരാറുകാരിൽ നിന്നും 1961 ലെ ആദായ നികുതി വകുപ്പിലെ സെക്ഷൻ 194 C യിൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം 0.75% ആദായ നികുതി ബില്ലിൽ നിന്നും ഈടാക്കിയതായി കാണുന്നില്ല .

| ക്രമ നം. | പ്രവൃത്തി/വർക്ക് കോഡ്. | കരാറുകാരൻ /കരാറുകാരൻ ഹാജരാക്കിയ ബിൽ പ്രകാരം സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | അളവു പുസ്തകം പ്രകാരം കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയലിന്റെ തുക. | ഈടാക്കേണ്ട ആദായ നികുതി(0.75%) | FTO No./തുക അനുവദിച്ച തീയതി |
|---|---|---|---|---|---|
| 1. | ചിറ്റവെളി ചിറയിൽ റോഡ് ഗ്രാവലിംഗ് വർക്ക് കോഡ്. RC- 267228) | സതീഷ്കുമാർ എം | Rs-189076/- (M Book നം 8/19-20) | 1418 /- | 189076/25.05.20 |
| 2. | പുളിച്ചുവട് മരിയിൽ റോഡ് മെറ്റലിംഗ് വർക്ക് കോഡ്.RC- 298941 | സതീഷ്കുമാർ എം | 239702/- -(M Book നം 8/19-20) | 1798 | 185192/28.10.20 54510/28.10.20 |
| 3. | അർത്തുങ്കൽ പോലീസ്സ്റ്റേഷൻ അംഗനവാടി ഗ്രാവൽ റോഡ് നിർമ്മാണം വർക്ക് കോഡ്.RC- 294690 | ആന്റണി | 200000/- (M Book നം21 /19-20) | 1500/- | 200000/- 25.05.20 |
| 4 | ആലപ്പറമ്പ് കാരിക്കശ്ശേരി റോഡ് വർക്ക് കോഡ്.RC- 293476 | സതീഷ്കുമാർ | 162443 /- (M Book നം40/19-20) | 1218/- | 162443/- /15.09.20 |
| 5 | കുരിശിങ്കൽ Toഎസ് എൻ ബിച്ച് റോഡ് കൺട്രക്ഷൻ വർക്ക് കോഡ്.RC- 293234 | ആന്റണി | 198220 /- (M Book നം39/19-20) | 1487/- | 198220/ 11.09.20 |
| | | | ആകെ | 7421/- | |

അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(21/28.06.22) മറുപടി ലഭ്യമാക്കിയില്ല. കരാറുകാരിൽ നിന്നും

ആദായ നികുതി ഈടാക്കി ഒടുക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

### 3-3 പാലിയേറ്റീവ് കെയർ- കമ്മ്യൂണിക്കേഷൻ അലവൻസ് ഇനത്തിൽ നഴ്സിന് അധികം തുക നല്കി

06/2020-21

അടങ്കൽ -വികസന ഫണ്ട് (ജനറൽ)

| ഇനം | അടങ്കൽ | ചെലവ് |
|---|---|---|
| വികസന ഫണ്ട് | 125435 | 125435 |
| മറ്റ് ബ്ലോക്ക് വിഹിതം | 300000 | 274260 |
| തനത് ഫണ്ട് | 174565 | 274260 |
| ആകെ | 6,00,000 | 5,51,195 |

ടി പ്രോജക്റ്റ് ഫയൽ പരിശോധിച്ചതിൽ, പാലിയേറ്റീവ് നഴ്സിന് കമ്മ്യൂണിക്കേഷൻ അലവൻസ് ഇനത്തിൽ (ബിൽ നം. 14/20-21, 31.10.2020- 53,240/-രൂപ) ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്തംബർ മാസങ്ങളിലെ തുക നല്കി. കൂടാതെ, മറ്റൊരു ബിൽ മുഖേനയും (ബിൽ നം. 14/20-21 , 05.03.2021- 5,315/-രൂപ) മേൽ സൂചിപ്പിച്ച മാസങ്ങളിലെ വീണ്ടും മാറി നല്കിയിട്ടുണ്ട്.

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 15/27.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, ടി തുക (800/-രൂപ) ഓഡിറ്റിൽ നിരാകരിക്കുന്നു. തുക നിർദ്ദിഷ്ട ശീർഷകത്തിൽ ഒടുക്ക് വരുത്തി ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 56460 | പച്ചക്കറികൃഷിവികസനം പ്രൊജക്റ്റ് നം 138 | 55590 | 870 |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 200000 | ലൈഫ് മിഷൻ ഭവന നിർമ്മാണം എസ് സി പ്രൊജക്റ്റ് നം 195 | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 274260 | പാലിയേറ്റീവ് കെയർ പദ്ധതി (6/21) | 274260 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 400000 | ആശ്രയപദ്ധതി പ്രൊജക്റ്റ് നമ്പർ 54 | 400000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 475000 | ശാരിരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് പ്രൊജക്റ്റ് നമ്പർ 75 | 475000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020/21 | 500000 | ആശ്രയപദ്ധതി പ്രൊജക്റ്റ് നമ്പർ 123 | 450000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 200000 | വൃദ്ധജനപരിപാലനം പട്ടികവിഭാഗം വൃദ്ധർക്ക് കട്ടിൽ പ്രൊജക്റ്റ് നം 124 | 90000 | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 500000 | പാലിന് സബ്സിഡി (18/21) | 500000 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2020-21 | 324496 | നെൽകൃഷിയ്ക്ക് കൂലിച്ചെലവ് സബ്സിഡി | 324496 | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 100000 | അങ്കണവാടി അഅനുപൂരക പോഷകാഹാര പദ്ധതി(74/21) | 100000 | 0 |
| ജില്ലാപഞ്ചായത്ത് | 2020-21 | 5820000 | ലൈഫ് മിഷൻ ഭവന നിർമ്മാണം (ജനറൽ) (100/21) | 1820000 | 4000000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 4520000/- രൂപ വരവുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് മിഷൻ | | 68040000 | 63520000 | 9210666 | 0 | 58829334 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2000-01 | 2-5 | 2003-04 | ഉഴവ് യന്ത്രം വാടക സംബന്ധിച്ച് | 31.01.2015 ലെ A1-766 3/14 നം കത്ത് പ്രകാരം ബഹു. പഞ്ചായത്ത് ഡയറക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുള്ളതാണ് |
| 2000-01 | 8 | 2003-04 | പമ്പ് സെറ്റ് വിതരണം സംബന്ധിച്ച് | |
| 2000-01 | 4-7 | 2003-04 | കുഴൽ കിണർ | |

| | | | |
|---|---|---|---|
| 2000-01 | 3-3 | 2003-04 | വനിതകളുടെ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് |
| 2000-01 | 2-8 | 2003-04 | വോട്ടർ പട്ടിക തയ്യാറാക്കിയത് അധിക ചെലവ് |

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 137829512 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 93578741 |
| വരവിനങ്ങളിലുള്ള നഷ്ടം | 4321 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 28795 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 4321 | | എസ് അനിൽകുമാർ |
| 3-1 | | 27995 | ഷീന എസ്<br>ഫിഷറീസ് ഓഫീസർ ,ചേർത്തല |
| 3-2 | | 800 | ഡോ .നസിയ കെ സലിം<br>മെഡിക്കൽ ഓഫീസർ<br>പി എച്ച് സി ചേർത്തല തെക്ക് |
| ആകെ | 4321 | 28795 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 68900 | ഷീന എസ്<br>ഫിഷറീസ് ഓഫീസർ ,ചേർത്തല |
| | | |
| ആകെ | 68900 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 3-3 | 7421 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ.നസിയ കെ സലിം<br>മെഡിക്കൽ ഓഫീസർ | ഡോ .നസിയ കെ സലിം<br>മെഡിക്കൽ ഓഫീസർ | കോലേരി, മേപ്പായൂർ<br>കോഴിക്കോട് 673524 |

| | | |
|---|---|---|
| | പി എച്ച് സി ചേർത്തല തെക്ക് | |
| ഷീന എസ്<br>ഫിഷറീസ് ഓഫീസർ, ചേർത്തല | ഷീന എസ്<br>ഫിഷറീസ് ഓഫീസർ, ചേർത്തല | തോട്ടത്തിൽമേക്ക്<br>കുതിരപ്പന്തി പി ഒ<br>തഴ 690523 |
| എസ് അനിൽകുമാർ<br>സെക്രട്ടറി (വിരമിച്ചു) | വിരമിച്ചു | മയൂരം സി എം സി 10<br>ചേർത്തല |

## 4-10 തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2006-07, 2007-08,<br>2008-09, 2009-10 | എൽ.എഫ്.എ.1577/13/12.5.14 |
| 2010-11, 2011-12 | എൽ.എഫ്.എ .പി6-369/2014/9.6.14 |
| 2012-13 | എൽ.എഫ്.പി6—149/2015/30.03.15 |
| 2013-14 | എൽ.എഫ്.എ.പി6—1077/2015/1.9.2015 |
| 2014-15 | കെ.എസ്.എ/എ.എൽ.പി/പി6/823/16/28.07.2016 |
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി 6/1332/16/02.12.2016 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി 6/1369/17/15.11.2017 |
| 2017-18 | കെ.എസ്.എ/എ.എൽ.പി/പി 6/153/2019/16.05.2019 |
| 2018-19 | കെ.എസ്.എ/എ.എൽ.പി/പി 3/807/2020/30-12-2020 |
| 2019-20 | കെ.എസ്.എ-എ.എൽ.പി-പി.3/358/2022/ 27/03/2022 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ആലപ്പുഴ ജില്ലയിലെ ചേർത്തല തെക്ക് ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്